**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1839** **20-06-2024 - ൽ മറുപടിയ്ക്ക്**

**എ.ഐ ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗതാഗത നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.ഐ. ക്യാമറകൾ നാളിതുവരെയായി എത്ര നിയമലംഘനങ്ങൾ കണ്ടെത്തിയെന്നും അവയിൽ പിഴ ഈടാക്കുന്നതിനായി നോട്ടീസ് നൽകിയവ എത്രയാണെന്നും മാസാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനു ശേഷം 12.06.2024 വരെ 66,41,000 നിയമ ലംഘനങ്ങൾ ആണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മേല്പറഞ്ഞ നിയമ ലംഘനങ്ങളിൽ 64,72,914 എണ്ണം ഇ ചെലാൻ ആക്കിയിട്ടുണ്ട്. കെൽട്രോണും മോട്ടോർ വാഹന വകുപ്പും തമ്മിലുള്ള ധാരണാപത്രം പ്രകാരം ഒരു വർഷം 25 ലക്ഷം നോട്ടീസുകൾ ആണ് അയക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ 2023 ജൂൺ 5 ന് പദ്ധതി പ്രവർത്തനം ആരംഭിച്ചതിനു ശേഷം 25 ലക്ഷം നോട്ടീസുകൾ അയച്ചിട്ടുണ്ട്. ബാക്കിയുള്ള നിയമലംഘനങ്ങൾക്കു വാഹന ഉടമകൾ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേക്ക് എസ്.എം.എസ് മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട്. 2024 ജൂൺ 1 നു ശേഷമുള്ള നിയമ ലംഘനങ്ങൾക്കു തപാൽ മുഖേന 69,959 നോട്ടീസുകൾ അയച്ചിട്ടുണ്ട്.മാസാടിസ്ഥാനത്തിൽ തപാൽ മുഖേന അയച്ച നോട്ടീസുകളുടെ എണ്ണം അനുബന്ധം (1 )ആയി ചേർക്കുന്നു |
| (ബി) | എ.ഐ. ക്യാമറകൾ കണ്ടെത്തിയ നിയമലംഘനങ്ങൾക്കുള്ള പിഴ ഈടാക്കലിനായി നാളിതുവരെ എത്ര തുകയുടെ നോട്ടീസ് ആണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത ഇനത്തിൽ എത്ര തുക ലഭിച്ചുവെന്നും മാസാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ? | (ബി) | 1,71,42,85,200 രൂപയുടെ നോട്ടീസുകളാണ് തപാൽ മുഖേന പിഴ ഈടാക്കാനായി നിയമ ലംഘകർക്ക് അയച്ച് നൽകിയിട്ടുള്ളത്. ഇതുൾപ്പെടെ 428,40,50,500 രൂപയുടെ ഇ ചെല്ലാനുകൾ പദ്ധതിയുടെ ഭാഗമായി ജനറേറ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ നിന്നും 76,70, 15,000 രൂപ പിഴയായി സർക്കാർ ഖജനാവിലേക്ക് ലഭിച്ചിട്ടുണ്ട്.മാസാടിസ്ഥാനത്തിൽ ലഭിച്ച തുകയെ സംബന്ധിച്ച വിവരം അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| Month & Year | Total for the Month |
|---|---|
| Jun - 23 | 1,08,479 |
| Jul - 23 | 1,42,993 |
| Aug - 23 | 2,68,590 |
| Sep - 23 | 2,92,958 |
| Oct-23 | 3,11,785 |
| Nov-23 | 2,12,264 |
| Dec-23 | 38,619 |
| Jan -24 | 2,62,290 |
| Feb – 24 | 4,58,177 |
| Mar – 24 | 3,68,351 |
| Apr – 24 | 31,785 |
| May - 24 | 3,800 |
| Total | 2500091 |

# അനുബന്ധം 2

| Month & Year | Total for the Month |
|---|---|
| Jun  - 23 | 6787500 |
| Jul  - 23 | 24377500 |
| Aug  - 23 | 38424500 |
| Sep  - 23 | 58093750 |
| Oct-23 | 80901250 |
| Nov-23 | 94105500 |
| Dec-23 | 74398250 |
| Jan -24 | 59471250 |
| Feb – 24 | 71251750 |
| Mar – 24 | 89407750 |
| Apr – 24 | 64341500 |
| May - 24 | 63940250 |
| Jun - 24 | 41514250 |
| **Total** | **767015000/-** |